മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) രാഷ്ട്രീയ പാർട്ടികളുടെ അഭിപ്രായങ്ങൾ ലഭിക്കുന്നതിനു വേണ്ടി പദ്ധതിയുടെ കരടുരൂപം അയച്ചു കൊടുക്കുകയും പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ലഭിക്കുന്ന അഭിപ്രായങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനു വേണ്ടി ആഭ്യന്തര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായി ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. ലഭിച്ച അഭിപ്രായങ്ങൾ പഠിച്ചു വരികയാണ്.

(സി-ഇ) പദ്ധതിയെ സംബന്ധിച്ച് അയച്ചു കൊടുത്തിട്ടുള്ള കരട് രൂപരേഖയിന്മേലുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സംസ്ഥാനത്തിന് അകത്തു നിന്നും പുറത്തു നിന്നും ലഭിച്ചു കൊണ്ടിരിക്കുന്നതേയുള്ളൂ. അവ പരിശോധിച്ചു വരികയാണ്

(എഫ്) പൊതുജനങ്ങളുടെ സൗഹൃദവും, വിശ്വാസവും നേടിയെടുത്തു കൊണ്ട് അവരുടെ സമ്പൂർണ്ണ സഹകരണത്തോടെ കുറ്റകൃത്യങ്ങൾ തടയുന്നതുൾപ്പെടെയുള്ള പോലീസ് പ്രവർത്തനങ്ങൾ നടത്താനും അതിനതീതമായി കുറ്റകൃത്യങ്ങളിലും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിലും ഏർപ്പെടുന്നവരെ എത്രയും വേഗം കണ്ടുപിടിച്ച് നിയമ നടപടികൾക്ക് വിധേയമാക്കുന്നതിനും തുടർന്ന് അവരെ സമൂഹത്തിനു പ്രയോജനപ്പെടുന്ന പൗരന്മാരാക്കിത്തീർക്കുന്നതിനുമാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

(ജി) ഉണ്ട്

(എച്ച്) ഇല്ല

(ഐ) ചോദ്യം ഉദിക്കുന്നില്ല.

(ജെ & കെ) പദ്ധതിക്ക് അന്തിമ രൂപം നല്കാനുള്ള നടപടികൾ നടന്നു വരികയാണ്.

മുൻ സർക്കാരിന്റെ കാലത്ത് നടന്ന അഴിമതികളെക്കുറിച്ച് അന്വേഷണം

14 (*14) ശ്രീ. കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. എം. ദാസൻ :
ശ്രീ. എം. എ. തോമസ് :
ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാരിന്റെ കാലത്ത് നടന്ന അഴിമതികളെക്കുറിച്ച് സർക്കാർ ഏതെല്ലാം തലത്തിലുള്ള അന്വേഷണമാണ് നടത്തിവരുന്നതെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ ഏതെല്ലാം അഴിമതികളെക്കുറിച്ചുള്ള അന്വേഷണ റിപ്പോർട്ടുകളാണ് സർക്കാരിന് ലഭിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇപ്പോൾ സംസ്ഥാനത്ത് ഏതെല്ലാം കേസുകളിലാണ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ സ്പെഷ്യൽ ടീം അന്വേഷണം നടത്തി വരുന്നത് ;

(ഡി) വിജിലൻസ് അന്വേഷണം പൂർത്തിയാക്കിയ എത്രപേരുടെ കുറ്റപത്രമാണ് കോടതിയിൽ സമർപ്പിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) അഴിമതി അന്വേഷണകാര്യത്തിൽ കാലതാമസം നേരിടുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനു പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) മുൻ സർക്കാരിന്റെ കാലത്ത് നടന്നിട്ടുള്ള അഴിമതികൾ സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോ കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നുണ്ട്. കൂടാതെ സർക്കാർ ജീവനക്കാർക്കും പൊതു പ്രവർത്തകർക്കും എതിരായി ലഭിക്കുന്ന പരാതിയിൻമേൽ ലോകായുക്തയും അന്വേഷണം നടത്താറുണ്ട്.

(ബി) പാമോലിൻ ഇറക്കുമതി നടത്തിയതിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട കേസിലും സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ കൈവശം ഉണ്ടായിരുന്ന ബിനാനി സിങ്ക് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ഷെയറുകൾ വിറ്റതിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട കേസിലും, കണ്ണൂർ ജില്ലയിൽ എക്സൈസ് ഗാർഡുമാരുടെ നിയമനത്തിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട കേസ്സിലും, റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. കുറിയാർകുറ്റി കാരപ്പാറ ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട കേസിന്റെ ഒന്നാം ഘട്ട അന്വേഷണം പൂർത്തിയാക്കിയ റിപ്പോർട്ടും, കാലടി സംസ്കൃത സർവകലാശാലയുമായി ബന്ധപ്പെട്ട ഒരു കേസിന്റെ അന്വേഷണം പൂർത്തിയാക്കിയ റിപ്പോർട്ടും, മുവാറ്റുപുഴ വാലി ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട ഒരു കേസിന്റെ അന്വേഷണം പൂർത്തിയാക്കിയ റിപ്പോർട്ടും, കല്ലട ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട 11 കേസുകളുടെ അന്വേഷണ റിപ്പോർട്ടും സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(സി) ബ്രഹ്മപുരം ഡിസൽ നിലയത്തിന്റെ നിർമ്മാണത്തിലെ ക്രമക്കേടുകളെ സംബന്ധിച്ച് അന്വേഷിച്ച ജസ്റ്റിസ് ഭാസ്കരൻ നമ്പ്യാർ കമ്മീഷന്റെ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത വി.സി.4/99/എസ്.സി.ഇ. നമ്പറായുള്ള വിജിലൻസ് കേസിന്റെ അന്വേഷണത്തിനായി ഒരു സ്പെഷ്യൽ ടീമിനെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ കല്ലട ഇറിഗേഷൻ പ്രോജക്ട് നിർമ്മാണവുമായി ബന്ധപ്പെട്ട കേസുകൾ അന്വേഷിക്കുന്നതിനായി വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോയുടെ കൊല്ലം ജില്ലാ യൂണിറ്റിൽ കൂടുതൽ തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പാമോലിൻ ഇറക്കുമതി സംബന്ധിച്ച കേസ് കുരിയാർകുറ്റി-കാരപ്പാറ ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട കേസിന്റെ ഒന്നാം ഘട്ടം, കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയുമായി ബന്ധപ്പെട്ട ഒരു കേസ്, കല്ലട ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട 11 കേസുകൾ എന്നിവയിൽ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

(ഇ) വിജിലൻസ് അന്വേഷണം/ കേസുമായി ബന്ധപ്പെട്ട ധാരാളം സാക്ഷികളെ ചോദ്യം ചെയ്ത് മൊഴി രേഖപ്പെടുത്തുന്നതിനും, ബന്ധപ്പെട്ട റിക്കാർഡുകൾ കസ്റ്റഡിയിൽ എടുക്കുന്നതിനും, അവ പരിശോധിക്കുന്നതിനും സമയം ആവശ്യമായതിനാലാണ് ചില കേസുകളുടെ അന്വേഷണം പൂർത്തിയാക്കാൻ കാലതാമസം നേരിടുന്നത്. പഴക്കമുള്ള കേസുകളുടെ അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകുകയും, പ്രസ്തുത കേസുകളുടെ അന്വേഷണ പുരോഗതി യഥാസമയം വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം അഴിമതി അന്വേഷണ കാര്യത്തിൽ നേരിടുന്ന കാലതാമസത്തിന് പരിഹാരം കാണുവാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

1999-2000-ലെ പദ്ധതി ചെലവ്

15 (*15) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999-2000 സാമ്പത്തിക വർഷം കേരളത്തിൽ പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ച പ്ലാൻ എത്ര രൂപയുടേതായിരുന്നു ;

(ബി) ഇതിൽ എത്രരൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതി ചെലവ് കുറയുവാൻ ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ ;

(ഡി) 2000-2001 വർഷത്തെ പദ്ധതിക്ക് പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(ഇ) ഇത് കഴിഞ്ഞ വർഷത്തെ പദ്ധതിയെക്കാൾ എത്ര ശതമാനം കൂടുതലാണ്;

(എഫ്) ; ഈ വർഷത്തെ പദ്ധതിയുടെ തുക കുറയുവാൻ ഇടയായ സാഹചര്യംവ്യക്തമാക്കാമേ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) 1999-2000 സാമ്പത്തിക വർഷത്തേക്ക് കേരളത്തിനു 3250 കോടി രൂപയുടെ പ്ലാനാണ് പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ചത്. ഇത് 3017.45 കോടി രൂപയായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly